(ബി) തിരുവനന്തപുരം ജില്ലയിൽ ഈ പരിപാടിയനുസരിച്ച് എവിടെയെല്ലാമാണ് പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കി വരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ പരിപാടിക്കുവേണ്ടി എന്ത് തുകയാണ് 1998-99 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിൽ ഇതുവരെ ചെലവഴിച്ച തുക എത്രയാണ് ;

(ഇ) അനുവദിച്ചിട്ടുള്ള തുക നിശ്ചിത പദ്ധതിക്കുവേണ്ടി നിയമാനുസരണം ചെലവഴിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചു ഉറപ്പു വരുത്തുമോ ?

ഉത്തരം

(എ) ഇല്ല. സാമൂഹ്യവനവൽക്കരണ പരിപാടി ഇപ്പോൾ നടപ്പിലാക്കുന്നത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളാണ്. എന്നാൽ സാങ്കേതികസഹായങ്ങൾ വനംവകുപ്പ് നൽകുന്നുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ തിരുവല്ലം, വെങ്ങാനൂർ, കല്ലിയൂർ, കാഞ്ഞിരംകുളം, മലയിൻകീഴ്, വെള്ളറട, പെരുമ്പഴുതൂർ, തിരുപുറം, അരുവിക്കര, വിതുര, കാട്ടാക്കട, കടയ്ക്കാവൂർ, ചെമ്മരുതി, കഴക്കൂട്ടം എന്നീ പഞ്ചായത്തുകളിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

(സി) 100 ലക്ഷം രൂപ.

(ഡി) 100 പഞ്ചായത്തുകൾക്കായി ഒരു ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്.

(ഇ) അനുവദിച്ചിട്ടുള്ള തുക നിശ്ചിത പദ്ധതിക്കുവേണ്ടി നിയമാനുസരണം ചെലവഴിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി പരിശോധന നടത്തുന്നുണ്ട്.

നശിച്ചു പോയ വനങ്ങൾ

63 (1118) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ മനുഷ്യരുടെ കൈയേറ്റം കൊണ്ടും അല്ലാതെയുമായി നശിച്ചുപോയ വനങ്ങൾ എത്രയുണ്ടെന്ന് സംസ്ഥാന വനംവകുപ്പ് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവ പഴയ സമ്പൂർണ്ണവനത്തിന്റെ നിലവാരത്തിലേക്ക് കൊണ്ടുവരുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ ഇതിനായി എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സന്നദ്ധതയുള്ള പൊതുജനങ്ങളെക്കൂടി ഉൾപ്പെടുത്തി വനം വെച്ചുപിടിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1-1-1977-നുമുൻപുള്ള കൈയേറ്റ വനഭൂമി എന്ന നിലയ്ക്ക് പട്ടയം നൽകേണ്ട ഭൂമിയുടെ വിസ്തീർണ്ണം 34293.159 ഹെക്ടർ ആണെന്ന് കണക്കാക്കിയിട്ടുണ്ട്. കൈയേറ്റക്കാരുടെ കൈവശത്തിൽനിന്ന് 4740 ഹെക്ടർ വനഭൂമി ഒഴിപ്പിച്ചെടുക്കാനുണ്ട്. ആരബിൾ ലാന്റ് സ്കീമിൽപ്പെടുത്തിയ 12,380.713 ഹെ. വനഭൂമി നഷ്ടപ്പെട്ടിട്ടുണ്ട്. നിക്ഷിപ്തവനഭൂമിയിൽ നിന്നും 8300.7858 ഹെക്ടർ വനഭൂമി കൃഷിഭൂമിയായി മാറ്റുന്നതിന് വേണ്ടി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. വിവിധ ആവശ്യങ്ങൾക്കുവേണ്ടി പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും വേണ്ടി 66,090 ഹെക്ടർ വനഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ബി & സി) കയ്യേറ്റക്കാർക്ക് പട്ടയം, കൃഷി ആവശ്യം എന്നിവയ്ക്കും മറ്റ് പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ടിയും ഉപയോഗത്തിലിരിക്കുന്ന ഈ വനഭൂമി പഴയ സമ്പൂർണ്ണ വനത്തിന്റെ നിലവാരത്തിലേക്ക് കൊണ്ടുവരിക അസാധ്യമാണ് എങ്കിലും പട്ടയം കൊടുക്കുന്ന വനഭൂമിയുടെ ഇരട്ടി പ്രക്ഷീത വനങ്ങളിൽ പരിഹാര വനവൽക്കരണം ഏറ്റെടുത്ത് നടത്തുന്നുണ്ട്.

(ഡി) പൊതുജന പങ്കാളിത്തമുള്ള ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ ഇക്കാര്യത്തിൽ പ്രവർത്തിച്ചു വരുന്നു.

അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്

64 (1119) ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. സി. ജോർജ് :
ഡോ. കെ. സി. ജോസഫ് :
ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നിർദ്ദിഷ്ട അഗസ്ത്യവനം ബയോളജിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് കോടതിയിൽ കേസുകൾ എന്തെങ്കിലും നിലനിൽക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദ വിവരം വെളിപ്പെടുത്താമോ ;

(സി) നിർദ്ദിഷ്ട ബയോളജിക്കൽ പാർക്ക് അതിർത്തിക്കുള്ളിൽ വനം കവർച്ച നടക്കുന്നതായി ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് തടയാൻ നടപടി സ്വീകരിക്കുമോ ;

(ഇ) കേസുകൾ പെട്ടെന്ന് തീർക്കുന്നതിനും ബയോളജിക്കൽ പാർക്കിന്റെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly